REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- അംഗങ്ങളുടെ സത്യപ്രതിജ്ഞയോടെ പതിനാറാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന് തുടക്കം. സത്യപ്രതിജ്ഞാ ചടങ്ങ് തുടരുന്നു.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അഞ്ചുരാഷ്ട്ര സന്ദർശനം 40 ബില്യൺ ഡോളറിന്റെ നിക്ഷേപം ഉറപ്പാക്കാൻ സഹായിച്ചെന്ന് കേന്ദ്ര ഗവൺമെന്റ്
- നീറ്റ്-UG പുനഃപരീക്ഷയുടെ സുരക്ഷയും സുതാര്യതയും ഉറപ്പാക്കാൻ കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ സാമൂഹിക മാധ്യമ കമ്പനികളുമായി ചർച്ച നടത്തി.
- 36-ാം രക്തസാക്ഷിത്വ ദിനത്തിൽ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം.
- IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

പതിനാറാം കേരള നിയമസഭയുടെ ആദ്യ സമ്മേളനം പുരോഗമിക്കുന്നു. പുതുതായി തിരഞ്ഞെടുത്ത അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങോട് കൂടിയാണ് സമ്മേളനം ആരംഭിച്ചത്. പ്രോടെം സ്പീക്കർ ജി സുധാകരന് മുന്നിലാണ് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുന്നത്.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...

..........വോയ്സ്..........

ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിലായിരുന്നു അംഗങ്ങളുടെ സത്യപ്രതിജ്ഞ. കളമശേരിയിൽ നിന്നുള്ള അംഗം വി ഇ അബ്ദുൾ ഗഫൂറാണ് ആദ്യം സത്യപ്രതീജ്ഞ ചെയ്തത്.

മഞ്ചേശ്വരം അംഗമായ എ കെ എം അഷറഫ് കന്നഡയിലാണ് സത്യപ്രതിജ്ഞ എടുത്തത്. ദേവീകുളം അംഗം എഫ് രാജ തമിഴിലും സത്യ പ്രതിജ്ഞ ചെയ്തു.

ഫൈസൽ ബാബു, മാണി സി കാപ്പൻ മാത്യു കുഴൽനാടൻ, രമേശ് ചെന്നിത്തല തുടങ്ങിയവർ ഇംഗ്ലീഷിൽ സത്യ പ്രതിജ്ഞ എടുത്തു.സേവ്യർ ചിറ്റിലപ്പള്ളിയാണ് സത്യ പ്രതിജ്ഞ പട്ടികയിൽ അവസാനത്തെ അംഗം.

മുഖ്യമന്ത്രി വി ഡി സതീശൻ 105 മതും പ്രതിപക്ഷ നേതാവ് പിണറായി വിജയൻ 132 മതും ബിജെപി നേതാവ് രാജീവ് ചദ്രശേഖർ 83 മതുമാണ്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അഞ്ചുരാഷ്ട്ര സന്ദർശനം ഇന്ത്യക്ക് ഏകദേശം 40 ബില്യൺ ഡോളറിന്റെ നിക്ഷേപം ഉറപ്പാക്കാൻ സഹായിച്ചെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചു. നിരവധി ആഗോള കമ്പനികൾ നിക്ഷേപം നടത്താൻ മുന്നോട്ട് വരികയും വിപുലീകരണ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. സന്ദർശന വേളയിൽ സെമികണ്ടക്ടർ, ലോജിസ്റ്റിക്സ്, അടിസ്ഥാന സൗകര്യം സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ 50ലധികം ബഹുരാഷ്ട്ര കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളുമായും മുതിർന്ന പ്രതിനിധികളുമായും പ്രധാനമന്ത്രി കൂടിക്കാഴച നടത്തി.

✪✪✪

നീറ്റ്-UG പുനഃപരീക്ഷയുടെ സുരക്ഷയും സുതാര്യതയും ഉറപ്പാക്കാൻ മെറ്റാ, ഗൂഗിൾ, ടെലിഗ്രാം എന്നീ സാമൂഹിക മാധ്യമ പ്രതിനിധികളുമായും ഉന്നത സുരക്ഷാ-ഇന്റലിജൻസ് ഏജൻസികളുമായും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ചർച്ച നടത്തി. പ്രധാന പരീക്ഷകൾക്ക് മുന്നോടിയായി ടെലിഗ്രാം ചാനലുകളിലൂടെയും അജ്ഞാത ഓൺലൈൻ ഗ്രൂപ്പുകളിലൂടെയും വ്യാജ ചോദ്യപേപ്പറുകളും തെറ്റായ വിവരങ്ങളും പ്രചരിക്കുന്നത് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക ഉണ്ടാക്കുന്നതായി മന്ത്രി പറഞ്ഞു.

ഇത്തരം വ്യാജ ശൃംഖലകളെ കൃത്യമായി കണ്ടെത്തി ബ്ലോക്ക് ചെയ്യാനും ചാനലുകൾ നീക്കം ചെയ്യാനും അദ്ദേഹം കർശന നിർദ്ദേശം നൽകി. പരീക്ഷാ സംവിധാനത്തിന്റെ വിശ്വാസ്യത സംരക്ഷിക്കാൻ സാമൂഹിക മാധ്യമ

പ്ലാറ്റ്ഫോമുകൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുമായും നിയമപാലകരുമായും ചേർന്ന് പ്രവർത്തിക്കണമെന്നും ധർമ്മേന്ദ്ര പ്രധാൻ ആവശ്യപ്പെട്ടു.

✪✪✪

സൗന്ദര്യവർദ്ധക വസ്തുക്കൾ ശരീരത്തിൽ ഇഞ്ചക്ഷൻ രൂപത്തിൽ ഉപയോഗിക്കാൻ പാടില്ലെന്ന് കേന്ദ്ര ഗവൺമെന്റ് വ്യക്തമാക്കി. ഉപഭോക്താക്കൾക്കും, സൗന്ദര്യവർദ്ധക രംഗത്ത് പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്കും, സൗന്ദര്യവർദ്ധക ക്ലിനിക്കുകൾക്കും ഇതിന് അനുമതിയില്ലെന്ന് കേന്ദ്ര ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ പുറത്തിറക്കിയ നിർദ്ദേശത്തിൽ പറയുന്നു.

കോസ്മെറ്റിക് ഉൽപ്പന്നങ്ങൾ മനുഷ്യശരീരത്തിൽ തേച്ചുപിടിപ്പിക്കാനോ, ഒഴിക്കാനോ, തളിക്കാനോ, സ്പ്രേ ചെയ്യാനോ മാത്രമാണ് അനുമതിയെന്നും അധികൃതർ വ്യക്തമാക്കി.

✪✪✪

ക്ഷയരോഗ നിർമ്മാർജ്ജന പരിപാടിയുടെ കീഴിൽ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും ഇല്ലാതാക്കുന്നതിനും ലോകത്തിലെ ഏറ്റവും വലിയ പരിശോധനയാണ് ഇന്ത്യ നടത്തുന്നതെന്ന് കേന്ദ്രമന്ത്രി JP നദ്ദ പറഞ്ഞു. ജനീവയിൽ ലോക ആരോഗ്യ അസംബ്ലിയുടെ 79-ാം പതിപ്പിൽ ശ്വാസകോശ ആരോഗ്യ പരിശോധനയെകുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വീടുകൾ തോറും നടത്തുന്ന സർവെ, മൊബൈൽ സ്ക്രീനിംഗ്, കമ്മ്യൂണിറ്റി ക്യാമ്പയിൻ, അപകട സാധ്യതാ പ്രദേശങ്ങളിലെ കേന്ദ്രീകൃത ഡ്രൈവ് തുടങ്ങിയവയിലൂടെ ദുർബല ജനവിഭാഗങ്ങൾക്കിടയിൽ സജീവമായ രോഗം മുൻകൂട്ടി കണ്ടെത്താൻ രാജ്യത്തിന് കഴിഞ്ഞതായി അദ്ദേഹം വിശദീകരിച്ചു. TBയും ശ്വാസകോശ രോഗങ്ങളും കണ്ടെത്തുന്നതിന് ഇന്ത്യ ആധുനിക പരിശോധനാ സംവിധാനം വികസിപ്പിച്ചിട്ടുണ്ടെന്നും JP നദ്ദ അറിയിച്ചു.

✪✪✪

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും ദക്ഷിണ കൊറിയൻ മന്ത്രി കോൺ ഒയുളും സംയുക്തമായി ഇന്ത്യൻ യുദ്ധ സ്മാരകം സോളിലെ ഇംജിംഗ് പാർക്കിൽ ഉദ്ഘാടനം ചെയ്തു. കൊറിയൻ യുദ്ധത്തിന്റെ 75-ാം വാർഷികാനുസ്മരണ പരിപാടിയുടെ ഭാഗമായാണ് യുദ്ധസ്മാരകം നിർമ്മിച്ചത്.

✪✪✪

ത്രിപുര, സിക്കിം, അരുണാചൽ പ്രദേശ് എന്നിവിടങ്ങളിലെ ദേശീയ പാതകളുടെ ഗുണനിലവാര പരിപാലന പരിപാടി കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ന്യൂഡൽഹിയിൽ അവലോകനം ചെയ്തു. സുസ്ഥിരവും കാര്യക്ഷമവുമായ

ദേശീയ പാതകൾ ഉറപ്പാക്കുന്നതിനും യാത്രാസൗകര്യവും കണക്ടിവിറ്റിയും ശക്തിപ്പെടുത്തുന്നതിനും നൂതന സാങ്കേതിക വിദ്യകൾ സ്വീകരിച്ച് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കണമെന്ന് മന്ത്രി നിർദേശിച്ചു.

✪✪✪

കോൺഗ്രസിൽ നിന്ന് രണ്ട് പേരടക്കം 23 പുതിയ മന്ത്രിമാരെ കൂടി ഉൾപ്പെടുത്തി തമിഴ്നാട്ടിലെ സി ജോസഫ് വിജയ് മന്ത്രിസഭ വിപുലീകരിച്ചു. ഇതിൽ മൂന്ന് വനിതാ മന്ത്രിമാരും ഉൾപ്പെടുന്നു. ഇതോടെ തമിഴ്നാട് മന്ത്രിസഭയിലെ അംഗങ്ങളുടെ ആകെ എണ്ണം 32 ആയി ഉയർന്നു.

ചെന്നൈയിലെ ലോക് ഭവനിൽ തമിഴ്നാട് ഗവർണറുടെ ചുമതല വഹിക്കുന്ന രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പുതിയ മന്ത്രിമാർക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. നിയമസഭയിൽ വിശ്വാസ വോട്ട് വിജയിച്ച് ഭൂരിപക്ഷം തെളിയിച്ചതിന് പിന്നാലെയാണ് TVK ഗവൺമെന്റിന്റെ മന്ത്രിസഭാ വികസനം.

✪✪✪

പശ്ചിമ ബംഗാളിൽ, സൗത്ത് 24 പർഗാനാസ് ജില്ലയിലെ ഫാൽറ്റ നിയമസഭാ മണ്ഡലത്തിലെ വോട്ടെടുപ്പ് പുരോഗമിക്കുന്നു. രണ്ട് സ്വതന്ത്രർ ഉൾപ്പെടെ ആകെ ആറ് സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്. തൃണമൂൽ കോൺഗ്രസ് സ്ഥാനാർത്ഥി ജഹാംഗീർ ഖാൻ തിരഞ്ഞെടുപ്പിൽ മത്സരിക്കില്ലെന്ന് പ്രഖ്യാപിച്ചെങ്കിലും, സ്ഥാനാർത്ഥിത്വം പിൻവലിക്കാൻ അവസാന തീയതി കഴിഞ്ഞതിനാൽ അദ്ദേഹത്തിന്റെ പേര് ഔദ്യോഗികമായി ബാലറ്റിൽ ഉണ്ട്.

✪✪✪

സംസ്ഥാനത്തെ ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ യോഗം അടുത്ത ശനിയാഴ്ച പൊലീസ് ആസ്ഥാനത്ത് ചേരും. മന്ത്രി രമേശ് ചെന്നിത്തല യോഗത്തിൽ അധ്യക്ഷനാകും.

✪✪✪

കണ്ണൂർ സർവകലാശാലയുടെ ചരിത്രത്തിലാദ്യമായി വിദ്യാർത്ഥികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തി. 60 രൂപ പ്രീമിയം ഈടാക്കിയാണ് പദ്ധതി നടപ്പാക്കുന്നത്. കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ 2025 അധ്യയന വർഷം ചേർന്ന 17,343 വിദ്യാർത്ഥികൾ ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകും. ഇതിൽ 70 ശതമാനത്തിൽ ഏറെ പെൺകുട്ടികളാണ്. 125 ഓളം കോളേജുകളിലെ വിദ്യാർത്ഥികൾ ഇതിന്റെ ഭാഗമാകും.

5 ലക്ഷം രൂപയുടെ പോളിസി നാഷണൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്നാണ് സർവ്വകലാശാല നടപ്പാക്കുന്നത്. പോളിസി രേഖകൾ നാളെ രാവിലെ താവക്കരയിലെ യൂണിവേഴ്സിറ്റി ക്യാമ്പസിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ കൈമാറും.

✪✪✪

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ 36-ാം രക്തസാക്ഷിത്വ ദിനം, രാജ്യം ഇന്ന് ഭീകര വിരുദ്ധ ദിനമായി ആചരിക്കുന്നു. ഇന്ത്യയുടെ ആറാമത് പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി 1991 മെയ് 21ന് തമിഴ്നാട്ടിലെ ശ്രീപെരുമ്പത്തൂരിൽ L.T.T.E തീവ്രവാദികളുടെ ചാവേർ ആക്രമണത്തിലാണ് രക്തസാക്ഷിത്വം വരിച്ചത്.

✪✪✪

കോൺഗ്രസ് പാർലമെന്ററി പാർട്ടി ചെയർപേഴ്സൺ സോണിയ ഗാന്ധി, പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി MP, തുടങ്ങിയവർ രാജീവ് ഗാന്ധിയുടെ സമാധി സ്ഥലമായ വീർ ഭൂമിയിൽ ആദരാഞ്ജലി അർപ്പിച്ചു. രാജ്യത്തുടനീളം ദശലക്ഷക്കണക്കിന് ആളുകളിൽ പ്രത്യാശയും അഭിലാഷവും പ്രചോദിപ്പിച്ച ഇന്ത്യയുടെ അസാധാരണ പുത്രനാണ് രാജീവ് ഗാന്ധിയെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ രക്തസാക്ഷിത്വ ദിനം തിരുവനന്തപുരം KPCC ആസ്ഥാനത്ത് ആചരിച്ചു. മുഖ്യമന്ത്രി VD സതീശന്റെ നേതൃത്വത്തിൽ രാജീവ് ഗാന്ധിയുടെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തി. തുടർന്ന് അനുസ്മരണ പ്രഭാഷണവും നടത്തി. KPCC പ്രസിഡന്റും മന്ത്രിയുമായ സണ്ണി ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന അനുസ്മരണ സമ്മേളനത്തിൽ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല, മുൻ KPCC പ്രസിഡന്റുമാർ, KPCC വർക്കിംഗ് പ്രസിഡന്റുമാർ, മന്ത്രിമാർ, MPമാർ, MLAമാർ, KPCC ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള – ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യത. മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

✪✪✪

കണ്ണൂർ ആറളത്ത് ഓപ്പറേഷൻ ഗജ മുക്തിയുടെ രണ്ടാംദിവസമായ ഇന്നലെ ഒരു കൊമ്പനാനയെ കാടുകയറ്റി. ഹെലിപ്പാട്-വട്ടക്കാട് ഭാഗത്ത് നിലയുറപ്പിച്ചിരുന്ന കൊമ്പനാനയെയാണ് ഉൾക്കാട്ടിലേക്ക് തുരത്തിയത്. കഴിഞ്ഞ ദിവസം വട്ടക്കാട് ഭാഗം വരെ എത്തിച്ച 6 ആനകളിൽ ഒന്നാണിത്. ദൗത്യം ഇന്നും തുടരുന്നു.

✪✪✪

കേരള ക്ഷേത്രസംരക്ഷണസമിതി 60-ാം സംസ്ഥാനസമ്മേളനം നാളെ കോഴിക്കോട്ട് തുടങ്ങും. റെയിൽവേ സ്റ്റേഷന് സമീപം സുകൃതീന്ദ്ര കലാമന്ദിറിൽ രാവിലെ സംസ്ഥാന സമിതി നേതൃയോഗം ആദ്ധ്യാത്മിക ആചാര്യൻ AKP നായർ ഉദ്ഘാടനം ചെയ്യും.

✪✪✪

കേരള കളരിപ്പയറ്റ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 68-ാമത് തിരുവനന്തപുരം ജില്ലാ കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ മെയ് 23ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലെ ബാസ്ക്കറ്റ്ബോൾ കോർട്ടിൽ ആരംഭിക്കും. കളരിപ്പയറ്റിലെ മെയ്പ്പയറ്റ് മുതൽ അങ്കത്താരി വരെയുള്ള 13 ഇനങ്ങളിലാണ് മത്സരങ്ങൾ.

✪✪✪

കേരള മാപ്പിള കലാ അക്കാദമി P.H.അബ്ദുള്ള മാസ്റ്റർസ്മാരക മാനവ മൈത്രി പുരസ്ക്കാരം സാഹിത്യകാരനും, പ്രഭാഷകനും നിരൂപകനുമായ M.N.കാരശ്ശേരിക്ക് നൽകും. 10,001 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം മെയ് 23ന് ശനിയാഴ്ച കോഴിക്കോട്ട് ഡോ.M.K.മുനീർ സമ്മാനിക്കുമെന്ന് അക്കാദമി ഭാരവാഹികൾ അറിയിച്ചു.

✪✪✪

*News Editor & News Reader : വി കെ സുരേഷ്*
*News Team: അൻഷ കരീം, ഫർദിസ് എവി, സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*